

# തുടിച്ചെത്തം


GOVT: MODEL
HIGHER SECONDARY SCHOOL
VELLAMUNDA
KATTAYAD . P.O

# മാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട്.....



# തുടിച്ചെത്തം

***പ്രാക്തന ജനതയുടെ നാടാണ് വയനാട്.അതേ പോലെ കുടിയേറ്റങ്ങളുടെയും.... ശിലയുഗ കാലം മുതലിങ്ങോട്ട് പശിമയുള്ള വയനാടൻ മണ്ണ് മനുഷ്യനെ ആകർഷിച്ചു കൊണ്ടേയിരുന്നു...തെക്കും വടക്കും , കൃഷിയും കലയും, തനത് വയനാടൻ തുടിച്ചെത്തെത്തിൽ സമന്വയിച്ചു. ഒരു പുതിയ ജന പഥം ഉയിർ കൊണ്ടു. വേറെ ആർക്കുണ്ട് ഇങ്ങനെ ഒരു കഥ പറയാൻ? എല്ലാവരേയും ഉൾകൊണ്ട,സ്വീകരിച്ച, അനീതിക്കും അടിമത്ത്വത്തിനും എതിരെ പൊരുതിയ വയനാടൻ ഗോത്ര മനസ്സ് അതാണീ തുടിച്ചെത്തം.........***

***വായന മരിക്കുന്നില്ല പക്ഷെ മാറിയിരിക്കുന്നു.E-വായനയുടേയും എഴുത്തിന്റേയും സാധ്യതകൾ നമ്മുടെ കുട്ടികൾ തിരിച്ചറിയട്ടെ......***

രാജലക്ഷമി സി

(സ്റ്റാഫ് എഡിറ്റർ)

# സന്ദേശം

**ലിറ്റിൽ കൈറ്റ്സിൻെറ ആഭിമുഖ്യത്തിൽപുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നതിനോടൊപ്പം വിജ്ഞാനവും  കലയും സാഹിത്യവും സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഫലപ്രദമായി കുട്ടികളിലേക്ക്  എത്തിക്കുന്നതിന്റെ ഒരു നല്ല തുടക്കം കുടിയാകട്ടെ എന്ന് പ്രത്യാശിക്കുന്നു . ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.**

**സുധാ പി കെ**

**ഹെഡ് മിസ്ട്രസ്സ്**

## ഉള്ളിൽ ഉള്ളത്

മാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട്........2
തുടിച്ചെത്തം........3
സന്ദേശം........4
തുടിച്ചെത്തത്തിനു പിന്നിൽ........7
*HAPPY MOMENTS*........8
വിശ്വവിഖ്യാതമായ മൂക്ക്........10
THE SAILING SHIP........13
പഠനയാത്രകളിലൂടെ........14
മഹത് വചനങ്ങൾ........15
WIND........16
ഗണിതം സംഗീതമയം........17
Sunshine Through TEARS........18
അറ്റം........20
The girl who doesn't love me........22
सुभाषितम........24
മനുഷ്യനെ വിസ്മയിപ്പിക്കുന്ന ആകാശം........25
PROUD MOMENTS........30
My Mother........31
കൊച്ചിയിലേക്ക്........32
FRIENDSHIP........39
ഒരു നിമിഷം........40
परिश्रम का महत्व........41
THE TEACHERS OF MY DREAM........43
........44
വിഷുക്കാലം........45
*SPORTS : USE AND ABUSE*........47
വിട പറയുന്നില്ല നാം ഒരിക്കലും........48
ആനവാരിയും പൊൻകുരിശും........49
Free As A Feather -........51
SCHOOL LIFE IS THE BEST TIME IN HUMAN LIFE........53
WHY ME?........55
പരിസര മലിനീകരണം........56
FLYING........58
ഗൂഗിൾ എർത്ത്........59
YOUTH........61
ഇങ്ങനെയും പേരുകൾ........63
Teachers And Students........64

തിരിച്ചറിവ്....65
Do You Know The Meaning Of Letters ????....66
അരുണനില്ലാ പ്രഭാതം....67
SCHOOL DAYS....69
पर्यावरण....70
മാധ്യമങ്ങളുടെ കാലിക പ്രസക്തി....71
*വരകളിലൂടെ*....73
നന്ദി....75

| തുടിച്ചെത്തത്തിനു പിന്നിൽ | |
|---|---|
| സുധാ പി കെ | ചീഫ് എഡിറ്റർ |
| രാജലക്ഷമി സി | സ്റ്റാഫ് എഡിറ്റർ |
| മുഹമ്മദ് സിനാൻ കെ | സ്റ്റുഡന്റ്എഡിറ്റർ |
| ആശിഷ് വിനായക് | |
| അജിഷ വിനോദ് | |
| ദിൽന തസ്നീം | |
| ആഷിൻ റോയ് | |
| പ്രസാദ് വി കെ | |
| ഏലിയാസ് പി.വി | |
| | |
| | |
| | |
| | |
| | |
| | |
| | |

# HAPPY MOMENTS









# വിശ്വവിഖ്യാതമായ മൂക്ക്

പുസ്തകാസ്വാദനം

ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വൈകം മുഹമ്മദ് ബഷീർ മലയാളസാഹിത്യത്തിലെ ജനകീയനായ എഴുത്തുകാരിൽ ഒരാളായിരുന്നു . അദ്ദേഹത്തിന്റെ പ്രശസ്തമായ കഥകളിലൊന്നാണ് "വിശ്വവിഖ്യാതമായ മൂക്ക്" ആക്ഷേപഹാസ്യത്തിൽ പൊതിഞ്ഞ സാമൂഹിക വിമർശനമായാണ് ഈ കഥ ബഷീർ പറയുന്നത് .

ഒരു സാധാരണ പാചകതൊഴിലാളിക്ക് ഒരു ദിവസം മൂക്കിന് നീളം വെക്കുകയും അതിനെ തുടർന്നുണ്ടാകുന്ന സംഭവ പരമ്പരങ്ങളുമാണ് ഈ കഥയുടെ ഇതിവൃത്തം . മൂക്ക് എന്ന വിഷയത്തിലൂടെ സമൂഹത്തിലെ പൊള്ളത്തരങ്ങളെ ഹാസ്യാത്മകമായി നോക്കി കാണുകയാണ് ബഷീർ ഈ കഥയിലൂടെ . മൂക്കൻ എന്ന ഒരു എളിയ മനുഷ്യനാണ് ഈ കഥയിലെ പ്രധാന കഥാപാത്രം ഇദ്ദേഹം എഴുത്തും വായനയും അറിഞ്ഞ് കൂടാത്ത ഒരു കുശിനിപ്പണിക്കാരനാണ് അദ്ദേഹത്തിന്റെ 24-ാമത്തെ വയസ്സിൽ പെട്ടാന്നൊരു ദിവസം തന്റെ മൂക്ക് നീളാൻ തുടങ്ങുകയാണ് തുടർന്ന് ഒരുമാസത്തിനുള്ളിൽ അവരുടെ മൂക്ക് വളർന്ന് വായും താടിയും പിന്നീടത് പൊക്കിൾ വരെ നീണ്ടു എന്നാൽ അതു കൊണ്ട് അദ്ദേഹത്തിന് ഒരു കുഴപ്പവും ഉണ്ടായില്ല സുഖമായിട്ട് ശ്വസിക്കാം പൊടിവലിക്കാം വാസനകളറിയാം എല്ലാം ചെയ്യാം. ഇതെ തുടർന്ന് വീട്ടുടമ അദ്ദേഹത്തെ ജോലിയിൽ നിന്നും പിരിച്ചുവിടുകയുണ്ടായി കാരണം അദ്ദേഹത്തിന്റെ മൂക്ക് കാണാൻ ഒരുപാട് പേർ വരുകയും ആളുകളെ കൊണ്ട് തിക്കി

നിറഞ്ഞ ആ വീട്ടിൽ നിന്നും ഒരുപാട് സാധനങ്ങൾ മോഷണം പോയി. കല്ല്യാണപ്രായമെത്തി നിൽക്കുന്ന ആ വീട്ടിലെ പെൺകുട്ടിയെ വരെ അടിച്ച് കൊണ്ടുപോകാൻ ശ്രമങ്ങൽ നടന്നു . ഈ കാരണത്താൽ അവിടെ നിന്ന് പുറത്താക്കിയ ആ കുശിനിക്കാരൻ തന്റെ ചെറ്റ പുരയിൽ പട്ടിണികിടക്കാൻ തുടങ്ങി . എന്നാൽ മൂക്കൻ അവിടെ പട്ടിണി കിടക്കുമ്പോഴും മൂക്കനെ കാണാൽ ഒരുപാട് പേരെത്തി. എന്നാൽ അവരാരും അദ്ദേഹത്തോട് സുഖവിവരങ്ങൾ തിരക്കിയില്ല. എല്ലാവരുടെയും ലക്ഷ്യം ആ മൂക്കനായിരുന്നു . ഒടുവിൽ മൂക്കൻ സഹികെട്ട് തന്റെ വൃദ്ധ മാതാവിനോട് അവരെയെല്ലാം പുറത്തിട്ട് വാതിലെടുക്കാൻ ആവശ്യപ്പെട്ടു. പിന്നീട് അവർ അമ്മക്ക് കൈക്കൂലി

**കൊടുത്ത് മൂക്കനെ കാണാൻ തുടങ്ങി ഒട്ടും വഴികാതെ മൂക്കൻ ഒരു ലക്ഷപ്രഭുവായി മാറി അദ്ദേഹം മൂന്ന് സിനിമകളിലഭിനയിക്കുകയും ഉണ്ടായി . തുടർന്ന് ആറ് മഹാ കവികൾ മൂക്കന്റെ മൂക്കിനെ കുറിച്ച് മഹാകാവ്യങ്ങൾ എഴുതി . മൂക്കന്റെ വീട് ഒരതിഥി മന്ദിരമായി മാറി.മൂക്കാന് രണ്ട് സെക്രട്ടറിമാറാണുള്ളത് ,അത് രണ്ട് സുന്ദരിമാർ , മൂക്കനെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്നവർ . പോരാത്തതിന് വിദ്യാസമ്പന്നരുമാണവർ . രണ്ട് പേരും മൂക്കനെ ഒരേ സമയം പ്രേമിക്കുകയാണ്. ഇപ്പോൾ ലോകത്തെന്തു നടന്നാലും ജനങ്ങളാകമനം മൂക്കന്റെ അഭിപ്രായത്തിനായി കാത്തിരിക്കുകയാണ്.**

**മൂക്കൻ ഒന്നും പറഞ്ഞില്ലെങ്കിൽ ആ സംഭവം നിസ്സാരം എന്നാണ് . ഇതിനിടയിൽ പലരും മൂക്കനെ പിടിച്ച് പറ്റാനുള്ള ശ്രമത്തിലാണ് .ആദ്യമായി ഇതിന് തുണിഞ്ഞത് ഗവൺമെന്റാണ് . അതിനായി ഗവൺമെന്റ് മൂക്കന് "നാസികപ്രമുഖൻ " എന്ന ബഹുമതിക്ക് പുറമെ വജ്രഖചിതമായ സ്വർണ്ണ മെഡലുകൾ സമ്മാനിക്കുകയുണ്ടായി . പ്രസിഡന്റാണ് പൊതു വേദിയിൽ ഇത് മൂക്കന് സമ്മാനിച്ചത് . ഹസ്തദാനത്തിന് പകരം മൂക്കിന്റെ തുമ്പിൽ പിടിച്ച് കുലുക്കുകയാണ് ചെയ്തത് . ശേഷം മൂക്കന്റെ പേര് പറഞ്ഞ് എത്തിയത് രാഷ്ട്രീയകാരായിരുന്നു. അവർ മൂക്കനോട് പാർട്ടിയിൽ ചേരാൻ ആവശ്യപ്പെട്ടു. ശേഷം മൂക്കന് ഒരോമനപേര് കൂടി നൽകി "സഖാവ് മൂക്കൻ" മൂക്കൻ ഒരു ആശയകുഴപ്പത്തിലായിരുന്നു . ഏത് പാർട്ടിയിൽ ചേരണമെന്ന ആശയകുഴപ്പം. അങ്ങനെയിരിക്കെ മൂക്കന്റെ സെക്രട്ടറിമാരിൽ ഒരാൾ പറഞ്ഞു ,തന്നോട് ഇഷ്ടമുണ്ടെങ്കിൽ തന്റെ പാർട്ടിയിൽ ചേരണമെന്ന്. ചേരരുതെന്ന് മറ്റേ സെക്രട്ടറിയും . അപ്പോഴേക്കും ഒരു വിപ്ലവ പാർട്ടി മുദ്രാവാക്യം ഇട്ടുകഴിഞ്ഞിരുന്നു. " നമ്മുടെ പാർട്ടി ,മൂക്കന്റെ പാർട്ടി " എന്ന് . ഇതറിഞ്ഞ എതിർ പാർട്ടി മൂക്കന്റെ സെക്രട്ടറിമാരിൽ ഒരാളെ കൊണ്ട് മറ്റേ ജനകീയ പാർട്ടി ഒരു ഭയങ്കര പ്രസ്ഥാവനയിറക്കി " മൂക്കൻ വഞ്ചകനാണ് , മൂക്കന്റേത് യഥാർത്ഥ മൂക്കല്ല റബ്ബർ മൂക്കാണ് " എന്ന് .ഇതറിഞ്ഞ ലോകം ഒന്നടങ്കം മൂക്കനെ വഞ്ചകനാക്കി. ഒടുവിൽ പോലീസുകാർ വന്ന് മൂക്കനെ അറസ്റ്റ് ചെയ്തു. ശേഷം മൂക്കനെ പരിശോധനയ്ക്ക് വിധേയനാക്കി .**

**നാല്പത്തെട്ട് രാജ്യങ്ങളിൽ നിന്നുള്ള പ്രഗത്ഭരായ ഡോക്ടർമാർ പരിശോധനയ്ക്കായെത്തി . ഒന്നാമത്തെയാൾ മൂക്കന്റെ മൂക്ക് അടച്ചു , ശ്വാസം കിട്ടാതയായ മൂക്കൻ വായ പൊളിച്ചു. രണ്ടാമത്തെയാൾ മൂക്കന്റെ മൂക്കിൻ തുമ്പത്ത് സൂചിവെച്ച് കുത്തി, അപ്പോൾ ചോര പൊടിഞ്ഞു. അങ്ങനെ അവർ സ്ഥിതീകരിച്ചു, മൂക്കന്റെ മൂക്ക് ഒറിജിനലാണെന്ന്. മൂക്കന്റെ സുന്ദരിയായ സെക്രട്ടറി പെണ്ണ് മൂക്കന്റെ മൂക്കിൻ തുമ്പിൽ ചുംബിച്ചു. ശേഷം മൂക്കന്റെ**


**പേരിൽ ആരവങ്ങൾ മുഴങ്ങി . മുക്കനെ കിട്ടാത്ത സുന്ദരി ഇപ്പോൾ പറഞ്ഞും , എഴുതിയും, സമരം ചെയ്തും നടക്കുകയാണ്.**

***എല്ലാവർക്കും എളുപ്പത്തിൽ വായിച്ച് മനസ്സിലാക്കാൻ കഴിയുന്ന ലളിതമായ രീതിയിലാണ് ബഷീർ ഈ കൃതി രചിച്ചിരിക്കുന്നത്. ഈ കഥയിലൂടെ രാഷ്ട്രീയവും വിവാദപരവുമായ സംഭവവികാസങ്ങളോടയാണ് മലയാളി സമൂഹത്തെ ബഷീർ നിർവചിക്കുന്നത്.***

***ശിവനന്ദന ഒ എം***
***8F***




# THE SAILING SHIP



Life is a sea;
it says us to sail in a ship
with challenges and happiness
it might gave us sadness
might gave us happiness
whatever it may be
we have to accept it
we have to sail through it
it say us to remove the
obstacles which is against the sail
Thus the ship is sailing on and on
Let the journey through
This sea be glorious .

*Neha Fathima.k – 10th B*

# പഠനയാത്രകളിലൂടെ












# മഹത് വചനങ്ങൾ

"നാം ശീലങ്ങൾ ആദ്യം ഉണ്ടാക്കുന്നു . പിന്നീട് ശീലങ്ങൾ നമ്മെ രൂപപ്പെടുത്തുന്നു" -ചട്ടമ്പി സ്വാമികൾ





"കരുത്തിന്റെ ഉറവിടം ശാരീരകക്ഷമതയല്ല
അചഞ്ചലമായ
ഇച്ഛശക്തിയാണ് " -മഹാത്മാ ഗാന്ധി

"സമാധനത്തിന്റെ വരവ് നമക്കുള്ളിൽ നിന്ന്
തന്നെയാണ് പുറമേ
അന്വേഷിച്ചാൽ അതിനെ കണ്ടെത്താനാവില്ല" - ശ്രീ ബുദ്ധൻ

"സ്വന്തം നയങ്ങളെ കീഴടക്കിയവനാണ് യഥാർഥ സത്യസന്ധൻ"
-അരിസ്റ്റോട്ടിൽ

**അജിഷ വിനോദ് ,9F**

# WIND



In the bright sunshine
all the leaves are dancing
with a happy mood
when the wind is blowing

The fruits are falling down
the birds are flying around
with lot of fun
when the wind is blowing

I can't see you
I can't touch you
But I feel you
when the wind is blowing

Amith . M .Binu – 10th B

# ഗണിതം സംഗീതമയം

ഗണിതശാസ്ത്രജ്ഞരിൽ ബഹുഭൂരിഭാഗവും സംഗീതാസ്വാദകരാവുമാണ്. പൈതഗോറസ് പറഞ്ഞിട്ടുള്ളത് 'ഔഷധം ശരീരത്തെ എന്ന പോലെ സംഗീതം മനസ്സിനെ ശുദ്ധീകരിക്കുന്നു,എന്നാണ് ഗണിത ശാസ്ത്രജ്ഞർ പലരും നല്ല ഗായകരാണ്.യൂക്ലീഡിയൻ ജ്യാമിതി തിരുത്തിക്കുറിച്ച ബോല്യായ് വയലിനിൽ തൽപരനും വിദഗ്ദനുമായിരുന്നു.

മികച്ച നാടക കൃത്തായ ഷേക്സ്പിയർ 'Taming of the shrew 'എന്ന തന്റെ കൃതിയിൽ സംഗീതത്തേയും , ഗണിതത്തേയും വളരെ നല്ല രീതിയിൽ പരാമർശിക്കുന്നത് ഇപ്രകാരമാണ് ......

'I do present you with a man of mine cunning
in music and mathematics to instruct her fully in
those science where of I know, she is not ignorant
'

അർത്ഥത്തിന്റെ ഒരു പ്രകടനമാണ് ഗണിതം . നൈസർഗികമായ വികാരങ്ങൾ ഉളവാക്കാത്ത അർത്ഥങ്ങളുടെ രൂപപ്രകടനം സംഗീതമാകട്ടെ , നൈസർഗികമായ വികാരങ്ങളെ ഉണർത്തുന്നു. അതിൽ അകൃത്രിമമായ അർത്ഥം കണ്ടെന്ന് വരികയില്ല . പക്ഷേ , വികാരരോത്തേജകമാണ് സംഗീതം . ഗണിതവും സംഗീതവും ഒർത്ഥത്തിൽ പരസ്പര പൂരകങ്ങളാണ്.

ആശിഷ് വിനായക്

***9 G***

# Sunshine Through TEARS

AYISHA SHERIN

*Slowly I opened my eyes . I feel more comfort than my past days because it was such a dreadful past. Now I think I had reached my home. I feel very happy But , what about my past days ?... I couldn't even remember those days . But for a while I am looking back to my past days,the sorrowful days.....*

*It was one evening all the children including me is playing in the ground . After a long period of time , I felt very tired I looked to blue sky from there I see the dark rainy clouds pushing back the sunshine of the day. But I don't care ! I started to continue my play after a short time, it started to rain every one ran into their house and the rain became more powerful so that I too ran to my house.*

*When I reached my home,I saw my mother sleeping as I am so tried , I feel asleep and my eyes slowly closed. After a few minutes , because of some dreadful sounds. I shocked and suddenly woke up from the bed only I can hear the cries of my neighbours but even I couldn't guess what the situation is I ran to outside of house all my neighbours are screening and the rain has became more and more powerful and has strengthened the courtyard is getting filled with the water and I am too frightened because of this warming rain I had even see before all my neighbours are frightened and then called me to join with them in a safe house I ran near to them be safe everyone had assembled there to attain safety.*

*As I reached the neighbour's house , I noticed one thing among everyone that ,they already set themselves as a family . But I don't feel that in my heart. Where is my family members ? Why I only feel lonely ? Ahh !mother ! My mother is*

*my partner and where is she ? Ohh! Mother is sleeping at home . I had just forget to call her . I need to call her but .... I saw the big rocks and soil from the hills falling to my house. And my mother....I lost her. She is the only one in the world who cared and loved me . Now , I lost my beloved mother . I lost everything in the world . Now I am alone . I am alone in the world . The rain had killed my mother . How I can endure this???? . I cried a lot.*

*After some times , some social workers came and took everyone to a big hall where everyone together eating and sleeping . It was a relief camp!!*

*Horrible days in the relief camp . Rushing for the food , dress ,place to sleep etc.... I hated those days . Some how I managed those three weeks . After 3 weeks ,the strength of rain less and the weather became normal . Everyone was hurrying and getting ready and packing their things to return their home I too get ready and packed my things to return to my home . But where ? where can I go ? I have no house. I cried and sat on the floor . But Officials took me to a van with many children .*

*As the journey was too long I felt asleep and slowly my eyes get closed. Suddenly some one snapped their fingers on my head and I get woke up from my dreams. Now,finally I reached my home I feel very comfort. I can hear the voice of many children. But I am not listening to them , I looked around the place . I am standing outside and I slowly looked into the main entrance . I just shocked its not my house. Its the 'Orphanage' I.... I am an orphan??? Yes the workers are right . I am an orphan . An orphan students who had lost everything in their life . I am a student similar to orphan. I am an orphan. I try to console my self and I slowly walked in to my room whistling.....*

# അറ്റം

ഇട്ടിരുന്ന സ്യൂട്ട് ഒന്നുകൂടി ശരിയാക്കി , തോളിലെ തുമ്പയുടെ മേലുള്ള പിടുത്തം ഒന്നുകൂടി മുറുക്കി അയാൾ മുന്നോട്ട് കാവുകൾ നീട്ടിവച്ച് നടന്നു . സമയമില്ല , ഇപ്പോൾ തന്നെ താൻ വൈകിയിരിക്കുന്നു . ശരീരം പൊള്ളുന്നുണ്ട് . നെഞ്ചിലൂടെ വിയർപ്പ് ചാല് വെട്ടി ഒഴുകുന്നത് അയാൾക്ക് അറിയാൻ സാധിക്കുന്നുണ്ട് . അയാൾ നടത്തം വേഗത്തിലാക്കി : സമയമില്ല .ചുറ്റും അംബരചുംബികളായ കെട്ടിടങ്ങൾ, നോക്കെത്താ ദൂരത്തോളം നീണ്ടുകിടക്കുന്ന പാത കറുത്തിരുണ്ട ആകാശം , പക്ഷേ സൂര്യൻ തീക്ഷണമായി നോക്കുന്നു തനിക്ക് നഷ്ടപ്പെട്ട പച്ചപ്പിനെ ...

അയാൾ നടന്ന് തന്റെ ലക്ഷ്യം കണ്ടിരിക്കുന്നു . മലക്കെ തുറന്ന് കിടന്ന ആ ശ്മശാനത്തിന്റെ ഗേറ്റിലൂടെ അയാൾ അകത്തേക്ക് കടന്നു . തനിക്കാവശ്യമുള്ള സ്ഥലത്തിനായി അയാളുടെ കണ്ണുകൾ പരതി .അവസാനം, ആ ശ്മശാനത്തിന്റെ ഒരറ്റത്തേക്ക് അയാൾ നടന്നു. നിറഞ്ഞ സംതൃപ്തിയോടെ അയാൾ അവിടെ നിന്നു . അയാൾ തന്റെ തുമ്പ ആകാശത്തേക്കുയർത്തി , പെട്ടെന്ന് എന്തോ ഒരു ശബ്ദം . അയാൾ തുമ്പ താഴെ വെച്ചു . ഇല്ല , തന്റെ തോന്നലാണ് . ഒരു ശബ്ദവുമില്ല , കാറ്റുപോലും വീശുന്നില്ല.അയാൾവീണ്ടും തുമ്പ ആകാശത്തേക്കുയർത്തി , വീണ്ടും അതേ ശബ്ദം . അത്, ശ്മശാനത്തിന്റെ അങ്ങേ അറ്റത്ത് നിന്നാണ് . അയാൾ അങ്ങോട്ട് നടന്നു . ഒരു കുനയ്ക്കു മുന്നിൽ ഒരു പട്ടിയിരിക്കുന്നു അയാൾ അതിനെ സൂക്ഷിച്ചുനോക്കി . ആ പട്ടി കരയുകയാണ് . എല്ലും തോലുമായ ആ അസ്ഥികൂടത്തെ അയാൾ സൂക്ഷിച്ചുനോക്കി . പട്ടി തന്റെ മുഖം പതുക്കെ അയാൾക്ക് നേരെ തിരിച്ചു . കരുണയോടെ അതയാളെ നോക്കി.അയാൾ അതിനെ നോക്കി പല്ലിളിച്ചു . പതിയെ , അതിന്റെ കണ്ണിലെ ഭാവ വ്യത്യാസം അയാൾ മനസ്സിലാക്കി . ആ കണ്ണിൽ തിളങ്ങുന്ന രൗദ്രം അയാൾ അറിഞ്ഞു. ഒരു പുച്ഛഭാവത്തോടെ അയാൾ തിരിഞ്ഞു നടന്നു .

തന്നിലുള്ള മുഴുവൻ ശക്തിയെയും ആവാഹിച്ചെടുത്ത് അയാൾ മണ്ണിൽ ആഞ്ഞ് കുഴിക്കുകയാണ് . വിശ്രമമില്ലാതെ , മറ്റൊന്നിനെയും കുറിച്ച് ചിന്തിക്കാതെ അയാൾ മണ്ണിൽ ആഞ്ഞ് കുഴിച്ചു

**കൊണ്ടേയിരുന്നു.**

**മറ്റൊന്നിനെയും കുറിച്ച് ചിന്തിക്കേണ്ട ആവശ്യം അവനില്ലായിരുന്നു . വേണ്ടതെല്ലാം അയാൾ പണത്താൽ വാങ്ങിയിരുന്നു . തനിക്കു വേണ്ട വെള്ളവും വായുവും വരെ അവൻ പണം കൊടുത്തു വാങ്ങി . അയാൾ നിർത്താതെ കുഴിക്കുക തന്നെയാണ്. ഒടുവിൽ , ആറടി ആഴത്തിൽ അയാൾ ഒരു കുഴിയുണ്ടാക്കി.**

**അയാളുടെ മുഖത്ത് സംതൃപ്തിയുടെ ഒരു ചിരി വിരിഞ്ഞു .അയാൾ ആ കുഴിക്കു ചുറ്റും ഓടി നടന്നു. ഉച്ചത്തിൽ പൊട്ടിച്ചിരിച്ചു . അപ്പോഴാണ് അയാൾ ആ പട്ടിയെ കണ്ടത് .**

**"കണ്ടോ ,ഞാനുണ്ടാക്കിയാ കുഴിയാ......!"**

**അയാൾ ആവേശത്തോടെ അതിനെ നോക്കി വിളിച്ചു പറഞ്ഞു . ആ പട്ടി അയാളെ തന്നെ സൂക്ഷിച്ചു നോക്കുകയാണ്.**

**പെട്ടെന്ന് ,അയാൾ നിശ്ചലനായി .**

**"ആർക്കുവേണ്ടിയാണ്ഞാനീ കുഴിയുണ്ടാക്കിയത് ......?"**

**അയാൾ ആരോടന്നില്ലാതെ ചോദിച്ചു. പെട്ടെന്ന് ആരോ അയാളെ ആ കുഴിയിലേക്ക് തള്ളിയിട്ടു. അതോ അയാൾ സ്വയം വീണതോ .....?**

**അയാളെ നോക്കി പല്ലിളിച്ചു കൊണ്ട് പുച്ഛത്തോടെ ആ പട്ടി തിരിഞ്ഞു നടന്നു**

***ഷർമിള.വി.സി, പൂർവ്വവിദ്യാർത്ഥി***



# The girl who doesn’t love me

*In the eyes of a deer and in the*
*charm of the rainbow ....*
*she came to me to the land*
*where I could find only love ,*
*The w*
*In the tasty mixture*
*of mental picture*
*you to are with me*


*As you are speechless*
*As the tune on the lips*
*And the song in the heart*
*with enchanting smile and embalming eyes*

*you are in my heart and your*
*charm is before me , when*
*I see you in my dreams*

***I am shy as the dew of love***
***covered me , the flowers get filled***
***with mist in this place***
***in the rhyme of love***

***I am a male bird who will come***
***with a garland in my hand***
***like the melody of the harp***
***And with choicest flowers***
***I am waiting for your love...***

***Georgin Manu -10th***




# सुभाषितम

**Safal Dev 8F**

न चोरहार्यं न च चाजहार्यं
न भ्रातृ भाज्यं न च भारकारि।
व्यये कृते वरधत एव नित्यम
विद्या धनं सर्वधनात प्रधानम् ।।

**ആശയം**

**കള്ളന്മാർക്ക് മോഷ്ടിക്കാനാവില്ല,രാജാവിന് പിടിച്ചെടുക്കുവാനും കഴിയില്ല. സഹോദരങ്ങൾക്ക് നൽകേണ്ടതില്ല, കൈവശമുള്ളപ്പോൾ ഭാരം തോന്നുകയുമല്ല. കൊടുക്കും തോറും വർധിക്കും,. അങ്ങനെയുള്ള അറിവിനാണ് മറ്റെല്ലാ ധനത്തേക്കാളും പ്രാധാന്യമുള്ളത്.**



# മനുഷ്യനെ വിസ്മയിപ്പിക്കുന്ന ആകാശം

**ഹസീസ് .പി**

**HSA PHYSICAL SCIENCE**

പ്രപഞ്ചം മനുഷ്യന് എന്നും വിസ്മയങ്ങളേ നൽകിയിട്ടുള്ളൂ. അതുകൊണ്ട് തന്നെ പ്രപഞ്ചവിസ്മയങ്ങളെ തൊട്ടറിയാനും മനസ്സിലാക്കാനുമുള്ള അവന്റെ ശ്രമം ആദികാലം മുതലെ തുടങ്ങിയിരുന്നു.പണ്ടുകാലത്ത് ശാസ്ത്രം പ്രയോഗം തന്നെയായിരുന്നു.അതിനാലാവണം അതിപുരാതനകാലം മുതൽ തന്നെ നക്ഷത്രനിരീക്ഷണം പ്രധാനപ്പെട്ട ഒരു ശാസ്ത്രശാഖയായത്. ദിക്കുകൾ തിരിച്ചറിയാനും , രാത്രിയിൽ സമയമറിയാനും , നന്നായി കൃഷി ചെയ്യാനും നക്ഷത്ര നിരീക്ഷണംപ്രയോജനപ്പെട്ടിരുന്നു.പ്രപഞ്ച പഠനത്തിൽ നക്ഷത്രങ്ങൾക്കുള്ള സ്ഥാനവും അന്നേ തിരിച്ചറിഞ്ഞിരുന്നു .ഉദയാസ്തമയ സമയങ്ങളും ഋതുസംഗമങ്ങളും മനുഷ്യ ജീവിതത്തിന് ചിട്ടയും ക്രമവും നൽകി. കൃഷി ഭൂമിയിലേക്കിറങ്ങുന്ന കർഷകനും ദൂരയാത്ര ചെയ്യുന്ന സഞ്ചാരിക്കും കപ്പലോടിക്കുന്ന നാവികനും പലപ്പോഴും തങ്ങൾക്ക് പരിചയമുള്ള നക്ഷത്രങ്ങളെയോ ആകാശഗോളങ്ങളെയോ ആണ് ആശ്രയിച്ചിരുന്നത്.

വാർഷിക ഋതുപരിണാമങ്ങളെ ആകാശത്തെ സൂര്യചന്ദ്രൻമാരുടെയും നക്ഷത്രങ്ങളുടെയും സ്ഥാനങ്ങളുമായി ബന്ധപ്പെടുത്താനും അവയെ ചെറിയതോതിലെലങ്കിലും

മുൻകുട്ടിക്കാണാനുമുള്ള കഴിവ് പതുക്കെ പതുക്കെയാണെങ്കിലും മനുഷ്യൻ മാത്രമാണ് ആർജിച്ചത്.

ഗുഹാവാസിയായ പ്രാകൃത മനുഷ്യൻ പോലും സൂര്യചന്ദ്രൻമാരെ നോക്കി അത്ഭുതപ്പെട്ടിരിക്കണം. ആടുമാടുകളെ മേച്ചു നടന്നിരുന്ന ഗോത്രവർഗക്കാർ രാശിചക്രത്തിൽ കാണുന്ന നക്ഷത്രങ്ങൾക്ക് ആട്, കാള, സിംഹം , തേൾ തുടങ്ങി അവർക്ക് സുപരിചിതമായ ജീവികളുടെ രൂപകൽപന നൽകി . നക്ഷത്ര നിരീക്ഷണത്തിന് ഇന്ന് കാണുന്നത് പോലെ ക്യാമറയോ, ടെലിസ്കോപ്പോ , സ്പെക്ടോ മീറ്ററോ ഒന്നും ഇല്ലാത്ത അക്കാലത്ത് നഗ്ന നേത്രങ്ങൾ മാത്രമായിരുന്നു ആശ്രയം. തെളിഞ്ഞ മാനത്ത് നഗ്നനേത്രങ്ങൾ കൊണ്ട് പരമാവധി 3500 നക്ഷത്രങ്ങൾ മാത്രമേ ദൃശ്യമാവുകയുള്ളൂ. ഭൂമി പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് ഭ്രമണം ചെയ്യുന്നതിനാൽ രാത്രി മുഴുവൻ നോക്കിയെന്നാൽ 7000 നക്ഷത്രങ്ങൾ വരെ കാണാൻ സാധിക്കും.

## ആകാശം ദിശാനിർണയത്തിന്

ദിക്കുകളെ കുറിച്ചുള്ള അറിവ് നമ്മുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. ദിക്കറിയാതെ യാത്ര ചെയ്യാനും, വീടുണ്ടാക്കാനും ദൈവത്തോട് യഥാവിധി പ്രാർഥിക്കാൻ പോലും പ്രയാസകരമാണ്. ആദ്യകാലത്ത് ദിക്ക് നിർണയിച്ചത് സൂര്യനെ ആശ്രയിച്ചായിരുന്നു. സൂര്യൻ

ഉദിക്കുന്നത്  കിഴക്ക്, അസ്തമിക്കുന്നത് പടിഞ്ഞാറ്, ഉദയ സൂര്യൻ നോക്കി നിൽക്കുന്നയാളിന്റെ  വലതു ഭാഗം തെക്ക്, ഇടതു ഭാഗം വടക്ക്  ഇങ്ങനെയായിരുന്നു ദിക്ക് നിർണയിച്ചിരുന്നത്. രാത്രിയിൽ ദിക്കു കാണാൻ സൂര്യനുണ്ടാവില്ലല്ലോ? അപ്പോൾ അതിന് പറ്റിയ നക്ഷത്രങ്ങളേയും നക്ഷത്രഗണങ്ങളേയും തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്തി.ധ്രുവനക്ഷത്രമായിരുന്നു അക്കൂട്ടത്തിൽ പ്രധാനപ്പെട്ടത്. എല്ലാനക്ഷത്രങ്ങളും കിഴക്കുദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുമ്പോൾ, ധ്രുവൻ രാത്രി മുഴുവൻ ഉദയാസ്തമയങ്ങളില്ലാതെ ധ്രുവത്തിനു നേർമുകളിലായി നിൽക്കുന്നു.

ഇതുപോലെ ദിക്കറിയാൻ സഹായിക്കുന്ന നക്ഷത്രക്കൂട്ടങ്ങളാണ് തെക്കൻ കുരിശ് അഥവ ത്രിശങ്കു. ധ്രുവനക്ഷത്രം ഭൂമിയുടെ ഉത്തരാർദ്ധഗോളത്തിലുള്ളവർക്ക് സഹായകമായപ്പോൾ , തെക്കൻ കുരിശ് ദക്ഷിണാർദ്ധ ഗോളത്തിലുള്ളവർക്കാണ് സഹായകമായത്.എന്നാൽ വേട്ടക്കാരൻ (ഓറിയോൺ) എന്ന നക്ഷത്രക്കൂട്ടം ഭൂമിയിലെ എല്ലാ ഇടങ്ങളിലും ദിക്കറിയാൻ സഹായിക്കുന്നു. ദിക്കറിയാൻ ആധുനിക ഉപകരണങ്ങളും യന്ത്രസാമഗ്രികളും ലഭ്യമായ ഇക്കാലത്തും പട്ടാളക്കാരുടെയും നാവികരുടെയും പരിശീലന പരിപാടികളിൽ നക്ഷത്ര നിരീക്ഷണം വഴി ദിക്ക് കണ്ടുപിടിക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട് എന്നറിയുന്നത് ഇതിന്റെ പ്രാധാന്യവും പ്രസക്തിയും

വർദ്ധിപ്പിക്കുന്നു.

## സമയമറിയാൻ ആകാശം

സമയത്തെ കുറിച്ചുള്ള മനുഷ്യന്റെ ധാരണ ആദ്യം മുതലേ ആകാശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആദ്യകാലങ്ങളിൽ സൂര്യന്റെ സ്ഥാനം മാത്രം നോക്കി സമയം നിർണയിച്ചവർ നിഴൽ ഘടികാരം വികസിപ്പിച്ചെടുത്തു.
രാത്രിയിലും സമയമറിയാനുള്ള വിദ്യ തേടിയ മനുഷ്യനെ ജല / മണൽ ഘടികാരങ്ങളുടെ കൈകാര്യം ചെയ്യാനുള്ള ബുദ്ധിമുട്ട് പ്രയാസപ്പെടുത്തിയപ്പോൾ, നക്ഷത്യങ്ങളെ നിരീക്ഷിച്ച് സമയം കണക്കാക്കാം എന്ന കണ്ടെത്തൽ ആശ്വാസം നൽകി. ഒരു നക്ഷത്രത്തിന്റെ ഉദയ സമയം അറിയാമെങ്കിൽ പിന്നീട് എപ്പോൾ വേണമെങ്കിലും അതിന്റെ സ്ഥാനം നോക്കി സമയം കണക്കാക്കാമെന്ന അറിവ് ഗോത്ര വർഗ്ഗക്കാർക്കിടയിലും മത്സ്യബന്ധനം നടത്തുന്നവർക്കിടയിലും ഇന്നും പ്രചാരത്തിലുണ്ട്.

## കർഷകന് സഹായി ആകാശം

കേരളത്തിലെ ജ്യോതിശാസ്ത്രം സാമൂഹിക ക്ഷേമത്തിനായി കൂടുതൽ ഉപയോഗിച്ചതിന്റെ തെളിവാണ് ഞാറ്റുവേലകൾ. കേരളത്തിലെ കാർഷിക പുരോഗതിയുടെ അടിത്തറ തന്നെ ഞാറ്റുവേലകളെ കുറിച്ചുള്ള

അറിവായിരുന്നു. പ്രഭാതത്തിലെ നക്ഷത്ര ഉദയവുമായി ബന്ധപ്പെടുത്തി ഋതു പരിവർത്തനങ്ങൾ മുൻകൂട്ടി കണക്കാക്കുന്ന രീതിയാണ് ഞാറ്റുവേലകൾ. ഇത് കാർഷികവൃത്തികൾ ചെയ്യാൻ സഹായിച്ചു. സൂര്യനെ ആധാരമാക്കി മാസത്തിന്റെ ദൈർഘ്യം നിശ്ചയിക്കുന്ന രീതിയുംവികസിപ്പിച്ചെടുത്തത് കേരളത്തിലാണ്

പ്രപഞ്ചത്തിലെ അസാധാരണ പ്രതിഭാസങ്ങൾഅസംഖ്യമാണ്. കൂടുതൽ അറിയും തോറും ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ എണ്ണവും കൂടുന്നു. വരും കാലങ്ങളിൽ ജ്യോതിർഗോളങ്ങളുടെ കൂടുതൽ രഹസ്യങ്ങൽ ചുരുളഴിയുകയും മനുഷ്യ പുരോഗതിക്കായി അവ കൂടുതൽ പ്രയോജനപ്പെടു***ത്തുകയും ചെയ്യുന്ന പ്രതീക്ഷയോടെ നമ്മുക്ക് കാത്തിരിക്കാം.***

# PROUD MOMENTS












# My Mother

No one can take your place ,
You are everything to me .
Your hugs are warm ,
and make me happy .

You nurse me whenever I am sick
You feed me when I am hungry
You help me in my studies .

Your my guide ,
Whenever, I go wrong ,
you show me the right path
I will love you forever.

**Anitt Kurian.A. 10th B**

# കൊച്ചിയിലേക്ക്......

**അജി സെബാസ്റ്റ്യൻ 10**

**ഏറെ നാളെത്തെ കാത്തിരിപ്പിന് ശേഷം ആ ദിവസം വന്നെത്തി ! സ്കൂളിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിലേക്ക് സംഘടിപ്പിച്ച വിനോദയാത്ര ഏറെ ആഹ്ലാദജനകമായിരുന്നു . ഒക്ടോബർ 26-ന് ക്ലാസ് കഴിഞ്ഞ ഉടൻ പതിവിലും നേരെത്തെ ഞാൻ വീട്ടിലെത്തി. യാത്രക്കുവേണ്ടിയുള്ള സകല ഒരുക്കങ്ങളും നടത്തി ആ നിമിഷത്തിനുവേണ്ടി ഞാൻ കാത്തിരുന്നു . ഏകദേശം 7:30 ഓടെ ഞാൻ എല്ലാവരോടും യാത്ര പറഞ്ഞ് പപ്പയുടെ കൂടെ വീട്ടിൽനിന്നും ഇറങ്ങി. 7:40 ആയപ്പോഴേക്കും ഞങ്ങൾ സ്കൂളിൽ എത്തിചേർന്നു . അപ്പോഴേക്കും ഭൂരിഭാഗം വിദ്യാർത്ഥികളും സ്കൂളിൽ എത്തിച്ചേർന്നിരുന്നു . കുട്ടികളുടെ പേര് എഴുതേണ്ടിയിരുന്ന പുസ്തകത്തിൽ എന്റെ പേരും എഴുതി. കൂട്ടുകാർക്കൊകൊച്ചിയിലേക്ക്**

**ഏറെ നാളെത്തെ കാത്തിരിപ്പിന് ശേഷം ആ ദിവസം വന്നെത്തി . സ്കൂളിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിലേക്ക് സംഘടിപ്പിച്ച വിനോദയാത്ര ഏറെ ആഹ്ലാദജനകമായിരുന്നു . ഒക്ടോബർ 26-ന് ക്ലാസ് കഴിഞ്ഞ ഉടൻ പതിവിലും നേരെത്തെ ഞാൻ വീട്ടിലെത്തി. യാത്രക്കുവേണ്ടിയുള്ള സകല ഒരുക്കങ്ങളും നടത്തി ആ നിമിഷത്തിനുവേണ്ടി ഞാൻ കാത്തിരുന്നു . ഏകദേശം 7:30 ഓടെ ഞാൻ എല്ലാവരോടും യാത്ര പറഞ്ഞ് പപ്പയുടെ കൂടെ വീട്ടിൽനിന്നും ഇറങ്ങി. 7:40 ആയപ്പോഴേക്കും ഞങ്ങൾ സ്കൂളിൽ എത്തിചേർന്നു . അപ്പോഴേക്കും ഭൂരിഭാഗം വിദ്യാർത്ഥികളും സ്കൂളിൽ എത്തിച്ചേർന്നിരുന്നു . കുട്ടികളുടെ പേര് എഴുതേണ്ടിയിരുന്ന പുസ്തകത്തിൽ എന്റെ പേരും എഴുതി. കൂട്ടുകാർക്കൊപ്പം കുറച്ചുനേരം കഥ പറഞ്ഞ് ഞാൻ ഇരുന്നു . ടീച്ചർമാരും , സാറുമാരും ഞങ്ങളുടെ കണക്കെടുപ്പുകൾ നടത്തി ഞങ്ങളെ ബസ്സിലേക്ക് കയറ്റി . രണ്ടു ബസ്സുകളായിരുന്നു അന്ന് വന്നിരുന്നത് . ഏകദേശം തൊണ്ണൂറ് കുട്ടികളും അവരെ നോക്കുവാനായി എട്ട് അധ്യാപകരും ഉണ്ടായിരുന്നു .**

**എകദേശം 9:30 ആയപ്പോൾ ബസ്സ് ഒരു പതുങ്ങിയ ശബ്ദത്തോടെ സ്റ്റാർട്ട് ആയി . രക്ഷിതാക്കളോടും , സ്കൂളിനോടും വിടപറഞ്ഞ് കൊണ്ട് ഞങ്ങൾ യാത്ര തുടർന്നു . ടാറിട്ട നല്ല നിരന്ന റോഡിലൂടെ ഞങ്ങൾ നീങ്ങിയത് ഞങ്ങൾക്ക് പോലും മനസ്സിലാക്കാൻ സാധിച്ചില്ല . വണ്ടിനീങ്ങാൻ തുടങ്ങിയതോടെ തണുപ്പ് ബസ്സിൽ കയറികൂടിയെങ്കിലും അതിനെ**

മറികടക്കാൻ സിനിമാ പാട്ടുകളും , കുട്ടികളുടെ ഡാൻസും രംഗത്തെത്തി . ചിലർ പാട്ടിനൊത്ത് ചുവട് വെച്ചപ്പോൾ മറ്റുചിലർ കാണാൻ പോകുന്ന അത്ഭുതങ്ങളെ മനസ്സിൽ കണ്ട് സീറ്റിൽ നിന്നും അനങ്ങിയതില്ല. പത്തരയോടെ ബസ്സ് ചുരമിറങ്ങുവാൻ തുടങ്ങി . രണ്ടു ജില്ലകളെ കൂട്ടിയോജിപ്പിക്കുന്ന ഒരു കോണിപടിപോലെ ഞങ്ങൾ ചുരം ഇറങ്ങുവാൻ തുടങ്ങി. ചുരത്തിന്റെ മുകളിൽനിന്നുമുള്ള രാത്രിമിന്നിതിളങ്ങിയിരുന്ന . ആകാശത്തിന്റെ പ്രതിബിംബം ഭൂമിയിൽ പതിച്ചതുപോലെയായിരുന്നു ആ സുന്ദരദൃശ്യം കണ്ടപ്പോൾ എനിക്ക് തോന്നിയത് . അങ്ങനെ ഓരോരുത്തരായി ഉറക്കത്തിലേക്ക് വഴുതിവീഴുവാൻ തുടങ്ങി .രാവിലെ മൂന്നുമണിയോടെ ഞങ്ങൾ കൊച്ചിയിൽ എത്തിചേർന്നു . കൊച്ചിയിലെ റോയൽ റെസിഡൻസി ഹോട്ടലിലായിരുന്നു ഞങ്ങൾക്ക് താമസം ഒരുക്കിയിരുന്നത് . അവിടെനിന്നും അധ്യാപകർ അവരവരുടെ റൂമിന്റെ കീ ഞങ്ങൾക്ക് തന്നു . ഉറങ്ങാൻ കുറച്ച്കൂടി സമയം ബാക്കിയുണ്ടായിരുന്നിട്ടും അന്ന് ഉറങ്ങാൻ ഞങ്ങൾക്ക് സാധിച്ചില്ല. എന്നോടൊപ്പം നാല് കൂട്ടുകാർ കൂടി റൂമിൽ ഉണ്ടായിരുന്നു.

രാവിലെ എട്ട് മണിയോടെ പ്രഭാതഭക്ഷണം കഴിച്ച് റൂമിന്റെ കീ ഓഫീസർമാർക്ക് നൽകി ഞങ്ങൾ അടുത്ത പോകേണ്ട സ്ഥലത്തേക്ക് യാത്ര തുടങ്ങി. ഒൻപത് മണിയോടെ ഞങ്ങൾ ബോട്ടുജെട്ടിയിൽ എത്തിച്ചേർന്നു . ക്ലാസിക് പാരഡൈസ് എന്ന ബോട്ടിൽ ഞങ്ങൾ കയറി .ചെറിയ ഭയവും എന്നാൽ നല്ല ആഹ്ലാദവും പ്രദാനം ചെയ്യുന്നതായിരുന്നു ബോട്ടുയാത്ര .കരയിൽ നിന്നും അകലുമ്പോൾ ഒന്നും നാം അറിയുകയില്ല പിന്നീട് നടുകടലിലെത്തി ചുറ്റും നോക്കുമ്പോഴാണ് അതിന്റെ ഭീകരത നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് .ചുറ്റും അലയടിക്കുന്ന തിരമാലകൾ മാത്രം എന്നാൽ കാണാത്ത പലകാര്യങ്ങളും കാണാൻ എനിക്കു സാധിച്ചു . സിനിമയിലൂടെ മാത്രം എനിക്ക് കണ്ട് പരിചയമുള്ള , പല ദ്വീപുകളും , വല്ലാർപാടം കൺടെയ്നർ ട്രാൻസ്ലിഷൻ സെന്ററും പണ്ടുമുതലെ കൊച്ചിയിൽ സ്ഥാപിച്ചിട്ടുള്ള ചീനവലകളും എല്ലാം കാണുവാനും ,കൂടുതൽ അറിയുവാനും എനിക്കു കഴിഞ്ഞു. ഒപ്പം കടലിന്റെ ഏകാന്തതയിൽ പുതുതലമുറയുടെ പാട്ടുകൾക്കൊപ്പം ചുവടുവെക്കുവാനും ഞങ്ങൾക്ക് കഴിഞ്ഞു . ബോട്ട് തിരികെ എത്തിയതും കടൽ പിന്നിട്ട് വീണ്ടും കരയിൽ എത്തിച്ചേർന്നതും ഇതിനിടയിൽ ഞങ്ങൾ മറന്നുപോയി . തിരികെ ഹോട്ടലിൽ ഞങ്ങൾ തിരിച്ചെത്തി . ഉച്ചഭക്ഷണത്തിനുശേഷം അടുത്ത സ്ഥലത്തേക്ക് യാത്ര തുടങ്ങി. അത് ചരിത്ര പ്രസിദ്ധമായ കൊച്ചിയിൽ ഹിൽപാലസ്സിലേക്കായിരുന്നു . പണ്ടുകാലത്തെ ആയുധങ്ങളും

പലവിവരങ്ങളും , താളിയോലകളും ,കിരീടവും പല ആഭരണങ്ങളും ഉപകരണങ്ങളും അവിടെ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു . ആ സുന്ദരമായ കാഴ്ചകൾക്ക് ശേഷം ഞങ്ങൾ പോയത് മട്ടാഞ്ചേരിയിലെ ജൂത പള്ളിയിലേക്കായിരുന്നു . ആ പ്രാചീന പള്ളിയുടെ അകത്തു കടക്കുന്നതിന് മുമ്പ് ഞങ്ങളുടെ ചെരുപ്പുകൾ അഴിച്ചുമാറ്റുവാനും മൊബൈലുകൾ സ്വിച്ച് ഓഫ് ചെയ്യുവാനും ഗൈഡ് ഞങ്ങളോട് പറഞ്ഞു . പള്ളിയുടെ അകത്ത് കയറിയപ്പോൾ ആ പള്ളിയെ കുറിച്ചുള്ള പല വിവരങ്ങളും ഗൈഡ് ഞങ്ങൾക്ക് പറഞ്ഞ്തന്നു .പല തരത്തിലുള്ള ചിത്ര പണികളാലും അലകൃതമായിരുന്നു പള്ളിയുടെ മുകൾ ഭാഗമാണ് സ്ത്രീകൾക്കുള്ളതെന്നും ഗൈഡ് ഞങ്ങളോട് പറഞ്ഞു . ആ കെട്ടിടത്തിന്റെ ഒത്ത നടുക്കായാണ് പുരോഹിതന് നിൽക്കാനുള്ള സ്ഥലം ഉണ്ടായിരുന്നത് . എന്നാൽ ഇന്ന് ഇതും ഇതിനോടനുബന്ധിതമായ ഒരു കെട്ടിടവും മ്യൂസിയമാക്കി മാറ്റപ്പെട്ടിരിക്കുന്നു . മട്ടാഞ്ചേരിയിലെ ആ ഇടുങ്ങിയ തെരുവുകളിലൂടെ നടക്കുമ്പോൾ ചരിത്രം മുന്നിലൂടെ കടന്നു. പോയത് പോലെ എനിക്കു തോന്നി. രണ്ടു ഭാഗവും കടകളാൽ നിറഞ്ഞ ആ തെരുവ് പല വിധ ചരിത്ര നാടഏറെ നാളെത്തെ കാത്തിരിപ്പിന് ശേഷം ആ ദിവസം വന്നെത്തി ! സ്കൂളിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിലേക്ക് സംഘടിപ്പിച്ച വിനോദയാത്ര ഏറെ ആഹ്ലാദജനകമായിരുന്നു . ഒക്ടോബർ 26-ന് ക്ലാസ് കഴിഞ്ഞ ഉടൻ പതിവിലും നേരെത്തെ ഞാൻ വീട്ടിലെത്തി. യാത്രക്കുവേണ്ടിയുള്ള സകല ഒരുക്കങ്ങളും നടത്തി ആ നിമിഷത്തിനുവേണ്ടി ഞാൻ കാത്തിരുന്നു . ഏകദേശം 7:30 ഓടെ ഞാൻ എല്ലാവരോടും യാത്ര പറഞ്ഞ് പപ്പയുടെ കൂടെ വീട്ടിൽനിന്നും ഇറങ്ങി. 7:40 ആയപ്പോഴേക്കും ഞങ്ങൾ സ്കൂളിൽ എത്തിചേർന്നു . അപ്പോഴേക്കും ഭൂരിഭാഗം വിദ്യാർത്ഥികളും സ്കൂളിൽ എത്തിച്ചേർന്നിരുന്നു . കുട്ടികളുടെ പേര് എഴുതേണ്ടിയിരുന്ന പുസ്തകത്തിൽ എന്റെ പേരും എഴുതി. കൂട്ടുകാർക്കൊപ്പംകൊച്ചിയിലേക്ക്

ഏറെ നാളെത്തെ കാത്തിരിപ്പിന് ശേഷം ആ ദിവസം വന്നെത്തി . സ്കൂളിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിലേക്ക് സംഘടിപ്പിച്ച വിനോദയാത്ര ഏറെ ആഹ്ലാദജനകമായിരുന്നു . ഒക്ടോബർ 26-ന് ക്ലാസ് കഴിഞ്ഞ ഉടൻ പതിവിലും നേരെത്തെ ഞാൻ വീട്ടിലെത്തി. യാത്രക്കുവേണ്ടിയുള്ള സകല ഒരുക്കങ്ങളും നടത്തി ആ നിമിഷത്തിനുവേണ്ടി ഞാൻ കാത്തിരുന്നു . ഏകദേശം 7:30 ഓടെ ഞാൻ എല്ലാവരോടും യാത്ര പറഞ്ഞ് പപ്പയുടെ കൂടെ വീട്ടിൽനിന്നും ഇറങ്ങി. 7:40 ആയപ്പോഴേക്കും ഞങ്ങൾ സ്കൂളിൽ എത്തിചേർന്നു . അപ്പോഴേക്കും ഭൂരിഭാഗം വിദ്യാർത്ഥികളും സ്കൂളിൽ

എത്തിച്ചേർന്നിരുന്നു . കുട്ടികളുടെ പേര് എഴുതേണ്ടിയിരുന്ന പുസ്തകത്തിൽ എന്റെ പേരും എഴുതി. കൂട്ടുകാർക്കൊപ്പം കുറച്ചുനേരം കഥ പറഞ്ഞ് ഞാൻ ഇരുന്നു . ടീച്ചർമാരും , സാറുമാരും ഞങ്ങളുടെ കണക്കെടുപ്പുകൾ നടത്തി ഞങ്ങളെ ബസ്സിലേക്ക് കയറ്റി . രണ്ടു ബസ്സുകളായിരുന്നു അന്ന് വന്നിരുന്നത് . ഏകദേശം തൊണ്ണൂറ് കുട്ടികളും അവരെ നോക്കുവാനായി എട്ട് അധ്യാപകരും ഉണ്ടായിരുന്നു .

എകദേശം 9:30 ആയപ്പോൾ ബസ്സ് ഒരു പതുങ്ങിയ ശബ്ദത്തോടെ സ്റ്റാർട്ട് ആയി . രക്ഷിതാക്കളോടും , സ്കൂളിനോടും വിടപറഞ്ഞ് കൊണ്ട് ഞങ്ങൾ യാത്ര തുടർന്നു . ടാറിട്ട നല്ല നിരന്ന റോഡിലൂടെ ഞങ്ങൾ നീങ്ങിയത് ഞങ്ങൾക്ക് പോലും മനസ്സിലാക്കാൻ സാധിച്ചില്ല . വണ്ടിനീങ്ങാൻ തുടങ്ങിയതോടെ തണുപ്പ് ബസ്സിൽ കയറികൂടിയെങ്കിലും അതിനെ മറികടക്കാൻ സിനിമാ പാട്ടുകളും , കുട്ടികളുടെ ഡാൻസും രംഗത്തെത്തി . ചിലർ പാട്ടിനൊത്ത് ചുവട് വെച്ചപ്പോൾ മറ്റുചിലർ കാണാൻ പോകുന്ന അത്ഭുതങ്ങളെ മനസ്സിൽ കണ്ട് സീറ്റിൽ നിന്നും അനങ്ങിയതില്ല. പത്തരയോടെ ബസ്സ് ചുരമിറങ്ങുവാൻ തുടങ്ങി . രണ്ടു ജില്ലകളെ കൂട്ടിയോജിപ്പിക്കുന്ന ഒരു കോണിപടിപോലെ ഞങ്ങൾ ചുരം ഇറങ്ങുവാൻ തുടങ്ങി. ചുരത്തിന്റെ മുകളിൽനിന്നുമുള്ള രാത്രിമിന്നിതിളങ്ങിയിരുന്ന . ആകാശത്തിന്റെ പ്രതിബിംബം ഭൂമിയിൽ പതിച്ചതുപോലെയായിരുന്നു ആ സുന്ദരദൃശ്യം കണ്ടപ്പോൾ എനിക്ക് തോന്നിയത് . അങ്ങനെ ഓരോരുത്തരായി ഉറക്കത്തിലേക്ക് വഴുതിവീഴുവാൻ തുടങ്ങി .രാവിലെ മൂന്നുമണിയോടെ ഞങ്ങൾ കൊച്ചിയിൽ എത്തിചേർന്നു . കൊച്ചിയിലെ റോയൽ റെസിഡൻസി ഹോട്ടലിലായിരുന്നു ഞങ്ങൾക്ക് താമസം ഒരുക്കിയിരുന്നത് . അവിടെനിന്നും അധ്യാപകർ അവരവരുടെ റൂമിന്റെ കീ ഞങ്ങൾക്ക് തന്നു . ഉറങ്ങാൻ കുറച്ച്കൂടി സമയം ബാക്കിയുണ്ടായിരുന്നിട്ടും അന്ന് ഉറങ്ങാൻ ഞങ്ങൾക്ക് സാധിച്ചില്ല. എന്നോടൊപ്പം നാല് കൂട്ടുകാർ കൂടി റൂമിൽ ഉണ്ടായിരുന്നു.

രാവിലെ എട്ട് മണിയോടെ പ്രഭാതഭക്ഷണം കഴിച്ച് റൂമിന്റെ കീ ഓഫീസർമാർക്ക് നൽകി ഞങ്ങൾ അടുത്ത പോകേണ്ട സ്ഥലത്തേക്ക് യാത്ര തുടങ്ങി. ഒൻപത് മണിയോടെ ഞങ്ങൾ ബോട്ടുജെട്ടിയിൽ എത്തിച്ചേർന്നു . ക്ലാസിക് പാരഡൈസ് എന്ന ബോട്ടിൽ ഞങ്ങൾ കയറി .ചെറിയ ഭയവും എന്നാൽ നല്ല ആഹ്ലാദവും പ്രദാനം ചെയ്യുന്നതായിരുന്നു ബോട്ടുയാത്ര .കരയിൽ നിന്നും അകലുമ്പോൾ ഒന്നും നാം അറിയുകയില്ല പിന്നീട് നടുകടലിലെത്തി ചുറ്റും നോക്കുമ്പോഴാണ് അതിന്റെ ഭീകരത നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് .ചുറ്റും

